A3/164/2025-CLAD

**"ഭരണഭാഷ-മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിലെ പ്യൂൺ തസ്തികയിലെ ഒഴിവ് പട്ടികവർഗ വിഭാഗത്തിന് സംവരണം ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.51/2026/CLAD തീയതി, തിരുവനന്തപുരം, 20-01-2026

---

പരാമർശം:-

1. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 06.08.2025 തീയതിയിലെ 5332/ഇ1/2017/കെ.എസ്.എഫ്.ഡി.സി./654 നമ്പർ കത്ത്.
2. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 26.11.2025 തീയതിയിലെ 2013/ഇ2/14/കെ.എസ്.എഫ്.ഡി.സി. നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിലെ (കെ.എസ്.എഫ്.ഡി.സി.) വർക്കർ തസ്തികയിൽ പട്ടികവിഭാഗത്തിനായുള്ള ഒഴിവിലേക്ക് പി.എസ്.സി. നിയമന ശിപാർശ പ്രകാരം പ്യൂൺ (SR-ST Only) തസ്തികയിൽ നിയമിതയായ ശ്രീമതി അരുണാരാജ്.എസ്.ആർ.-നെ 15.07.2025 തീയതി സർവ്വീസിൽ നിന്നും വിടുതൽ ചെയ്യുകയുണ്ടായെന്നും പ്രസ്തുത ഒഴിവ് റിപ്പോർട്ട് ചെയ്യുന്നതിനായി കെ.എസ്.എഫ്.ഡി.സി.-യിലെ ഒരു പ്യൂൺ തസ്തിക പട്ടികവർഗവിഭാഗത്തിന് വകയിരുത്തി സർക്കാർ ഉത്തരവ് ലഭ്യമാക്കണമെന്നും പരാമർശം (1) പ്രകാരം കെ.എസ്.എഫ്.ഡി.സി. എം.ഡി. അഭ്യർത്ഥിച്ചിരുന്നു.

**2.** കെ.എസ്.എഫ്.ഡി.സി. എം.ഡി. സർക്കാരിൽ സമർപ്പിച്ച 30/09/2025-ൽ അവസാനിച്ച ത്രൈമാസ കാലയളവിലെ SC/ST പ്രാതിനിധ്യ റിപ്പോർട്ട് പ്രകാരം പ്യൂൺ തസ്തികയിൽ പട്ടികവർഗ്ഗ വിഭാഗത്തിന് ഒരു ഒഴിവ് നിലനിൽക്കുന്നുണ്ടെന്ന് പരാമർശം (2) പ്രകാരം അറിയിച്ചിട്ടുണ്ട്.

**3.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ നിലനിൽക്കുന്ന പ്യൂൺ തസ്തികയിലെ ഒരൊഴിവ് പട്ടികവർഗവിഭാഗത്തിനായി സംവരണം ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJANI M
ജോയിന്റ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, തിരുവനന്തപുരം

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് (PLGEA-BPE3/138/2025-PLGEA Dated 06/11/2025)

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by

Sheeba K P

സെക്ഷൻ ഓഫീസർ

Date: 21-01-2026 12:19:20